**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6754** **11-07-2024 - ൽ മറുപടിയ്ക്ക്**

**അതിദരിദ്രരായ ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ അതിദരിദ്രരിൽപ്പെട്ട ഭൂരഹിതരെ കണ്ടെത്തി ഭൂമി വിതരണം ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി എന്തെല്ലാമാണ്; അതിദരിദ്രരിൽ എത്രപേർക്കാണ് ഭൂമി ലഭ്യമാക്കാൻ സാധിച്ചിട്ടുള്ളതെന്ന് താലൂക്ക് അടിസ്ഥാനത്തിൽ വിവരങ്ങൾ ലഭ്യമാക്കുമോ? | (എ) | ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ ഉന്നതതല യോഗത്തിൽ സംസ്ഥാനത്തെ അതിദരിദ്ര കുടുംബങ്ങൾ നേരിടുന്ന വിവിധങ്ങളായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വേണ്ടി ഓരോരോ വകുപ്പുകളും കൈകൊള്ളേണ്ടുന്ന നടപടികളെ കുറിച്ച് ആലോചിക്കുകയും അതിനാവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തിരുന്നു. ഇതിന്റെ ഭാഗമായി ഭൂരഹിതരായ അതിദരിദ്ര കുടുംബങ്ങൾക്ക് ഭൂമി കണ്ടെത്തി പട്ടയം നൽകുന്നതിന് പട്ടയം മിഷനിൽ മുൻഗണന നല്കാൻ നിർദ്ദേശിച്ചിരുന്നു. തുടർന്ന് തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ സംസ്ഥാനത്തെ 5545 അതിദരിദ്ര കുടുംബങ്ങളുടെ ലിസ്റ്റ് പരിശോധിച്ചു. അതിൽ ഭൂമി ലഭിച്ചാൽ വീട് വയ്ക്കാൻ അനുയോജ്യരായവർക്ക് (ഇൻസ്റ്റിട്യൂഷനൽ കെയർ ആവശ്യമായവർ ഒഴികെ) ഭൂമി കണ്ടെത്തി പട്ടയം നൽകുന്നതിന് പട്ടയം മിഷന്റെ കീഴിൽ അടിയന്തിര നടപടി സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർമാക്ക് നിർദ്ദേശം നൽകിയിരുന്നു.<br><br>പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ ജില്ലാ കളക്ടർമാരും അതിദരിദ്ര കുടുംബങ്ങളുടെ ലിസ്റ്റ് തഹസിൽദാർ മുഖേന വില്ലേജ് ജനകീയ സമിതിയിൽ ഉൾപ്പെടുത്തി അന്വേഷണം നടത്തി വരുന്നതും ഭൂമി ഇല്ലാത്തവരുടെ വിവരങ്ങൾ ശേഖരിച്ചു വരുന്നതുമാണ്. ഭൂരഹിതരായ അതിദരിദ്ര കുടുംബങ്ങൾക്ക് അതാത് വില്ലേജുകളിലോ തൊട്ടടുത്ത വില്ലേജുകളിലോ ഭൂമി നൽകുന്നതിനുള്ള നടപടിയും നടത്തിവരുന്നു. ഇടുക്കി ജില്ലയിൽ കണ്ടെത്തിയിട്ടുള്ള അതിദരിദ്രരിൽ ഭൂരഹിതരായ മുഴുവൻ പേർക്കും ഇതിനകം ഭൂമി കണ്ടെത്തി നൽകി കഴിഞ്ഞു. ഇത്തരത്തിലുള്ള പരിശ്രമത്തിന്റെ ഫലമായി സംസ്ഥാനത്ത് വിവിധ ജില്ലകളിലായി 197 കുടുംബങ്ങൾക്ക് ഭൂമി കണ്ടെത്തി |

| | | | |
|---|---|---|---|
| | | | പട്ടയം നൽകിയിട്ടുണ്ട്. അവയുടെ ജില്ലാ/താലൂക്ക് തിരിച്ചുള്ള കണക്ക് **അനുബന്ധം** ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം –**

| **ക്രമ നം.** | **ജില്ല** | **താലൂക്ക്** | **കുടുംബങ്ങളുടെ എണ്ണം** |
|---|---|---|---|
| 1. | കൊല്ലം | പുനലൂർ | 19 |
| 2. | ഇടുക്കി | ഉടുമ്പൻചോല | 24 |
| | | ദേവികുളം | 30 |
| | | ഇടുക്കി | 10 |
| | | പീരുമേട് | 50 |
| | | തൊടുപുഴ | 20 |
| 3. | കണ്ണൂർ | ഇരിട്ടി | 1 |
| 4. | കാസർഗോഡ് | കാസർഗോഡ് | 24 |
| | | ഹോസ്ദുർഗ് | 19 |
| | **ആകെ** | | **197** |